"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 01.04.2026 മുതൽ ദീർഘിപ്പിക്കുന്നത്-അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.126/2026/HOME തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:-

1. ബഹു.സുപ്രീം കോടതിയുടെ Suo moto Writ Petition(Crl)No.1/2019-ലെ 16.12.2019 തീയതിയിലെ വിധിന്യായം
2. 24.04.2020 തീയതിയിലെ സ.ഉ.(കൈ)നം.93/2020/ആഭ്യന്തരം
3. 04.02.2022 തീയതിയിലെ സ.ഉ.(കൈ) നം.20/2022/ആഭ്യന്തരം
4. 16.12.2022 തീയതിയിലെ സ.ഉ.(കൈ)നം.263/2022/ആഭ്യന്തരം
5. 08.06.2023 തീയതിയിലെ സ.ഉ.(കൈ) നം.143/2023/ആഭ്യന്തരം
6. ധനകാര്യ മന്ത്രാലയത്തിന്റെ 06.04.2026 തീയതിയിലെ 51(02)/PFC-II/2026 നമ്പർ ഓഫീസ് മെമ്മോറാണ്ടം

**ഉത്തരവ്**

സംസ്ഥാനത്ത് റേപ് കേസുകളും പോക്സോ നിയമ പ്രകാരമുള്ള കേസുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി അതിവേഗ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി അനുസരിച്ച്, 56 അതിവേഗ പ്രത്യേക കോടതികൾക്ക് പരാമർ ശം (2),(3) ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2) തുടക്കത്തിൽ 31.03.2021-ന് അവസാനിക്കുന്ന രീതിയിൽ 2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിലേക്കാണ് അതിവേഗ പ്രത്യേക കോടതിയുടെ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിയത്. തുടർന്ന്, ഇന്ത്യാ ഗവൺമെന്റ് പ്രസ്തുത പദ്ധതിയ്ക്ക് 31.03.2023 വരെയും അതിനുശേഷം 31.03.2026 വരെയും കാലാവധി ദീർഘിപ്പിച്ചു. അതനുസരിച്ച്, കേന്ദ്ര സർക്കാർ പദ്ധതി നിർത്തലാക്കുമ്പോൾ പ്രസ്തുത കോടതികൾ പ്രവർത്തനം അവസാനിപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികളുടെ

പ്രവർത്തനം 31.03.2026 വരെ തുടരുന്നതിന് സർക്കാർ പരാമർശം (4), (5) ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു.

3) അതിവേഗ പ്രത്യേക കോടതിയുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയുടെ (CSS Scheme for FTSC) കാലാവധി 30.09.2026 വരെയോ 16-ാമത് ധനകാര്യ കമ്മീഷനിൽ സ്കീം അംഗീകരിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതായി കേന്ദ്ര ധനകാര്യ മന്ത്രാലയം പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്. അതിവേഗ പ്രത്യേക കോടതികളുടെ പ്രവർത്തനങ്ങളിൽ തടസ്സം ഉണ്ടാകാതിരിക്കാനും കേസുകൾ തീർപ്പാക്കുന്നതിൽ കൈവരിച്ചിരിക്കുന്ന വേഗത നിലനിർത്താനും സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികൾക്ക് തുടർച്ചാനുമതി നൽകുന്ന വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാറും (ജില്ലാ ജുഡീഷ്യറി) ആവശ്യപ്പെട്ടിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികൾക്ക് 01/04/2026 മുതൽ 30.09.2026 വരെയോ 16-ാമത് ധനകാര്യ കമ്മീഷനിൽ സ്കീം അംഗീകരിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്-

രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി,എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ& ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.57 തീയതി 30.06.2026)

ധനകാര്യ വകുപ്പ്

ആഭ്യന്തര (എൽ/എസ്) വകുപ്പുകൾക്ക്

വെബ്ബ് ആന്റ് ന്യൂ മീഡിയ, ഐ&പി.ആർ.ഡി (ഗവ. വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി (സി1/151/2025/ആഭ്യന്തരം (പാർട്ട്-1) )

ഉത്തരവിൻ പ്രകാരം
Signed by
Siju P
Date: 01-07-2026 14:59:52
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 30-06-2026

ഫയൽ നം. സി1/151/2025/ആഭ്യന്തരം. ഇനം നം : 57

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 01.04.2026 മുതൽ ദീർഘിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

57

## കേരള സർക്കാർ

## (ശ്രീ.വി.ഡി. സതീശൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/151/2025/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികളുടെ കലാവധി 01/04/2026 മുതൽ ദീർഘിപ്പിക്കുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27/06/2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സജിത്ത് കെ.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/06/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/06/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി.ഡി. സതീശൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 29/06/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29/06/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് അനുവദിച്ച 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 01/04/2026 മുതൽ 30.09.2026 വരെയോ, 16-ാമത് ധനകാര്യ കമ്മീഷനിൽ സ്കീം അംഗീകരിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ പ്രസ്തുത പദ്ധതി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

2)റേപ് കേസുകളും പോക്സോ നിയമ പ്രകാരമുള്ള കേസുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി അതിവേഗ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി അനുസരിച്ച് 14 e-POCSO കോടതികൾ ഉൾപ്പെടെ 56 അതിവേഗ പ്രത്യേക കോടതികൾ കേരളത്തിന് അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Suo moto Writ Petition(Crl)No.1/2019- ന്റെ 16.12.2019 തീയതിയിലെ ഉത്തരവിൽ, ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് ആവശ്യമായ സപ്പോർട്ടിംഗ് സ്റ്റാഫിനൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് അതിവേഗ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനും പ്രവർത്തനം ആരംഭിക്കുന്നതിനും നിർദ്ദേശം ലഭിച്ചിരുന്നു.

3)സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം, ഹൈക്കോടതിയുമായി കൂടിയാലോചിച്ച് 24.04.2020-ലെ സ.ഉ.(കൈ)നം.93/2020/ആഭ്യന്തരം, പ്രകാരം ആദ്യ ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികളും, 04.02.2022 ലെ സ.ഉ.(കൈ) നം.20/2022/ആഭ്യന്തരം പ്രകാരം രണ്ടാം ഘട്ടമായി ശേഷിക്കുന്ന 28 കോടതികളും അനുവദിച്ചിരുന്നു.

4) തുടക്കത്തിൽ 31.03.2021-ന് അവസാനിക്കുന്ന രീതിയിൽ 2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിലേക്കാണ് പദ്ധതി നടപ്പിലാക്കിയത്. തുടർന്ന്, ഇന്ത്യാ ഗവൺമെന്റ് കേന്ദ്ര സ്പോൺസേഡ് പദ്ധതിയ്ക്ക് 31.03.2023 വരെയും അതിനുശേഷം 31.03.2026 വരെയും കാലാവധി ദീർഘിപ്പിച്ചു. അതനുസരിച്ച്, കേന്ദ്ര സർക്കാർ പദ്ധതി നിർത്തലാക്കുമ്പോൾ പ്രസ്തുത കോടതികൾ പ്രവർത്തനം അവസാനിപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികളുടെ പ്രവർത്തനം 31.03.2026 വരെ തുടരുന്നതിന് 16/12/2022 തീയതിയിലെ സ.ഉ.(കൈ)നം 263/2022/ആഭ്യന്തരം, 08.06.2023 തീയതിയിലെ സ.ഉ.(കൈ) നം.143/2023/ആഭ്യന്തരം ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

5) അതിവേഗ പ്രത്യേക കോടതിയുടെ Centrally Sponsored Scheme കാലാവധി 30.09.2026 വരെയോ 16-ാമത് ധനകാര്യ കമ്മീഷനിൽ സ്കീം അംഗീകരിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചതായി ധനകാര്യ മന്ത്രാലയത്തിന്റെ 06/04/2026 തീയതിയിലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം അറിയിച്ചിരുന്നു. അതിവേഗ പ്രത്യേക കോടതികളുടെ പ്രവർത്തനങ്ങളിൽ തടസ്സം ഉണ്ടാകാതിരിക്കാനും കേസുകൾ തീർപ്പാക്കുന്നതിൽ കൈവരിച്ചിരിക്കുന്ന വേഗത നിലനിർത്താനും സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികൾക്ക് തുടർച്ചാനുമതി നൽകുന്ന വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാറും (ജില്ലാ ജുഡീഷ്യറി) ആവശ്യപ്പെട്ടിരുന്നു.

6)ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം 30.06.2026-ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികൾക്ക് 01/04/2026 മുതൽ 30.09.2026 വരെയോ 16-ാമത് ധനകാര്യ കമ്മീഷനിൽ സ്കീം അംഗീകരിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ കാലാവധി ദീർഘിപ്പിച്ചു നൽകാമോ ?